മുൻഗണന നൽകുകയും ആലപ്പുഴ ജില്ലയിൽ ഏതെങ്കിലും തുക അലോട്ട് ചെയ്യുകയാണെങ്കിൽ കുട്ടനാടിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്യുന്നതിന് വല്ല നടപടിയും സ്വീകരിക്കാമോ? കോട്ടയം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും ഭാഗമാണ് കുട്ടനാട്.

ശ്രീ. പി. ജെ. ജോസഫ്: ഇത് ഒരു വാദപ്രതിവാദത്തെത്തുടർന്ന് നിശ്ചയിക്കേണ്ട കാര്യമല്ല. ഈ നാശനഷ്ടങ്ങളുടെ കെടുതികളെപ്പറ്റി ജില്ലാ കലക്ടർമാരും ഓരോ ഡിപ്പാർട്ടുമെന്റും വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സഹായം നൽകുന്നത്.

ശ്രീ. പി. കുമാരൻ: അട്ടപ്പാടി മേഖലയിൽ ഇതുവരെ ഒരു മഴപോലും പെയ്തിട്ടില്ല. ആ ഭാഗത്തുള്ള വരൾച്ചയുടെ ഫലമായി അവിടെയുള്ള ആളുകൾ മരിക്കാറായിരിക്കുകയാണ്. മഴ അധികം പെയ്തിട്ടുള്ള ദുരിതങ്ങൾ മാത്രമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അട്ടപ്പാടി ഭാഗത്തുള്ള ദുരിതാശ്വാസങ്ങൾക്കുവേണ്ടി ഗവൺമെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട്; ഇത് കേന്ദ്ര ഗവൺമെന്റിനു റിപ്പോർട്ട് ചെയ്യാൻ തീരുമാനമെടുത്തുവെന്ന് പറഞ്ഞു. ആ തീരുമാനത്തിൽ അവിടെ എന്ത് നഷ്ടം വന്നിട്ടുള്ളതായി ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ട്?

ശ്രീ. പി. ജെ. ജോസഫ്: സർ, വരൾച്ച ബാധിതപ്രദേശങ്ങളിലെ വിശദമായ കണക്കുകൾ എടുത്തിട്ടില്ല. എങ്കിലും അടിയന്തിരസഹായം എത്തിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുന്നതാണ്. അതുപോലെത്തന്നെ കേന്ദ്രത്തിന്റെ സഹായവും ഈ കാര്യത്തിൽ അഭ്യർത്ഥിക്കുന്നതാണ്.

## സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് കയർ വ്യവസായത്തിന് ലഭിച്ച കേന്ദ്ര ഗവൺമെന്റ് സഹായം

* (259) ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
,, സി. പി. മൂസ്സാൻ കുട്ടി:
,, എ. കെ. പത്മനാഭൻ:
,, വർക്കല രാധാകൃഷ്ണൻ:

ശ്രീമതി. കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിന്റെ സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് കയർവ്യവസായത്തിന് സാമ്പത്തിക സഹായം ലഭിച്ചുതുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഓഹരിവിഹിതമായി 1982-83-ൽ എത്ര ലക്ഷം രൂപ ലഭിച്ചു;

(സി) മാനേജീരിയൽ സബ്സിഡിയായി എന്തു തുക ലഭിച്ചു;

(ഡി) 1983-84, 1984-85 എന്നീ വർഷങ്ങളിൽ എന്തു തുക ലഭിച്ചു;

(ഇ) 1984-85-ൽ മൊത്തം ലഭിച്ച സംഖ്യ എത്ര?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്. 1982-83 മുതൽ.

(ബി) കേന്ദ്ര വിഹിതമായി ഓഹരിയിനത്തിൽ 48 ലക്ഷം രൂപ ലഭിച്ചു.

(സി) 1982-83-ൽ കേന്ദ്ര വിഹിതമായി 2 ലക്ഷം രൂപ ലഭിച്ചു.

(ഡി) കേന്ദ്ര വിഹിതമായി ലഭിച്ച തുക താഴെ പറയുന്നതു പോലെയാണ്. 1983-84-ൽ ഓഹരിയിനത്തിൽ 50 ലക്ഷം രൂപ. മാനേജീരിയൽ സബ്സിഡി 2 ലക്ഷം രൂപ. 1983-84-ൽ മൊത്തം ലഭിച്ചത് 1,35,00,650 രൂപ. 1984-85-ൽ മാനേജീരിയൽ സബ്സിഡി 3 ലക്ഷം രൂപ. മൊത്തം ലഭിച്ചത് 1,00,82,350 രൂപ.

(ഇ) 1,00,82,350 രൂപ.

ശ്രീ. സി. പി. മൂസ്സാൻകുട്ടി: സർ, ഇവിടെ കയർ സൊസൈറ്റികൾക്ക് മാനേജീരിയൽ സബ്സിഡി കിട്ടിയെന്ന് പറഞ്ഞു. എന്നാൽ ആ സ്ഥാപനങ്ങൾക്കു കൊടുത്തിട്ടുള്ള സഹായങ്ങൾ യന്ത്രവൽക്കരണം ഉപയോഗിക്കുന്നതിന്റെ ഫലമായി തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ യന്ത്രവൽക്കരണം ഉപയോഗിക്കുന്ന നടപടികൾക്കെതിരായി വല്ലതും ചെയ്യുന്നതിന് ആലോചനയുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: യന്ത്രവൽക്കരണവും മാനേജീരിയൽ സബ്സിഡിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു ആക്ഷേപവും ഇതുവരെ കിട്ടിയിട്ടില്ല. യന്ത്രവൽക്കരണം വേണ്ടവിധത്തിൽ നടപ്പിലാക്കിയിട്ടില്ലായെന്നതാണ് ഇന്നത്തെ സ്ഥിതി. യന്ത്രവൽക്കരണം നടപ്പിലാക്കിയതിന്റെ പേരിൽ തൊഴിലില്ലാത്ത പ്രശ്നം ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. സി. പി. മൂസ്സാൻകുട്ടി: മാനേജീരിയൽ സബ്സിഡി കണ്ണൂർ ജില്ലയിലെ ചില സഹകരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിട്ട് അവർക്ക് വേണ്ടിടത്തോളം കിട്ടിയിട്ടില്ല. അത് ആവശ്യമായ രൂപത്തിൽ കൊടുക്കുന്നതിന് വേണ്ട നടപടി അടിയന്തിരമായി സ്വീകരിക്കാമോ; അത്തരം വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. അഹമ്മദ്: സർ, അർഹമായ എല്ലാ സൊസൈറ്റികൾക്കും സബ്സിഡി കൊടുത്തിട്ടുണ്ട്. കഴിയുന്നത്ര അർഹരായിട്ടുള്ളവർക്ക് കൊടുക്കുന്നതിനുള്ള സൗകര്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: കയർ വ്യവസായ രംഗത്ത് സഹകരണ മേഖല വികസിപ്പിക്കാനുള്ള നടപടിയെന്നനിലയിൽ ഈ ഗവൺമെൻറ് എന്തെല്ലാം ചെയ്തു; അതുപോലെതന്നെ സഹകരണ സംഘങ്ങൾവഴി തൊണ്ട് ശേഖരിച്ച് അഴുക്കൽ തൊണ്ടായി രൂപാന്തരപ്പെടുത്തുന്ന ഒരു രീതി മുമ്പുണ്ടായിരുന്നു. യഥാർത്ഥത്തിൽ ഇന്ന് സഹകരണ സംഘങ്ങൾ വഴിയുള്ള തൊണ്ടുമുടലോ, തൊണ്ട് സംഭരണമോ നടക്കുന്നില്ല. അതുകൊണ്ട് അടുത്ത സീസണിൽ ഒരു പിടി കയർപോലും ഉൽപ്പാദിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഈ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എന്ത് നടപടിയാണ് ഗവൺമെൻറ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അംഗീകരിക്കാൻ നിർവ്വാഹമില്ല. തൊണ്ട് സംഭരണത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ആണ്ടിനേക്കാൾ ഇക്കഴിഞ്ഞ സഹകരണ വർഷം വളരെ തൃപ്തികരമായിരുന്നു. അതുപോലെതന്നെ 1985-86 ലെ കഴിഞ്ഞ രണ്ടര മാസക്കാലത്തെ തൊണ്ടുസംഭരണം, കഴിഞ്ഞ ഇതേ കൊല്ലത്തേതിന്റെ ഇരട്ടിയായിരുന്നു എന്നുള്ളതാണ് ഒരു വസ്തുത. അതുകൊണ്ട് വളരെയധികം ആശ്വാസപ്രദമായ ഒരു സാഹചര്യം ഇപ്പോഴുണ്ട് എന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അഭിപ്രായത്തോട് വിയോജിച്ചുകൊണ്ട്, ഞാൻ ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. കോക്കനട്ട് ഹസ്ക് കൺട്രോൾ ഓർഡർ ഇന്നും നടപ്പിൽ വരുത്താത്തതിന്റെ ഫലമായി സൊസൈറ്റികൾക്ക് തൊണ്ട് സംഭരണത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അതിൽ ഒന്നാമത്തെ ഘടകം പോലീസിന്റെ സഹായമാണ്. പോലീസ് സഹായിക്കുക എന്നുള്ള നിലപാട് എന്നേ അസ്തമിച്ചിരിക്കുന്നു. സൊസൈറ്റികൾ ആവശ്യപ്പെട്ടാൽ പോലീസിന്റെ സഹായം ഇക്കാര്യത്തിൽ ലഭ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ സൊസൈറ്റികൾക്ക് തൊണ്ട് സംഭരണം നടത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. പോലീസിന്റെ നിഷ്ക്രിയമായ സമീപനം ഈ കാര്യത്തിൽ പ്രയാസങ്ങൾ ഉളവാക്കുന്നു എന്ന വസ്തുത പരിഗണിച്ച് തൊണ്ട് സംഭരണത്തിൽ സൊസൈറ്റികളെ പൂർണ്ണമായി നിയമപ്രകാരം സഹായിക്കാൻ ഇവിടത്തെ പോലീസുദ്യോഗസ്ഥൻമാർക്ക് കർശനമായ നിർദ്ദേശം കൊടുക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: കഴിഞ്ഞയാണ്ട് തൊണ്ട് സംഭരണത്തിൽ പോലീസിന്റെകൂടി സഹായം ഫലപ്രദമായി ലഭ്യമാക്കുന്നതിന് ഉന്നതതല ചർച്ചകൾ നടക്കുകയുണ്ടായി. അതിനുശേഷം ആക്ഷേപങ്ങൾ താരതമ്യേന കുറഞ്ഞു. ഇല്ലായിരുന്നുവെന്നുതന്നെ പറയാം. എവിടെയെല്ലാം സൊസൈറ്റികൾ സർക്കാരിന്റെയോ പോലീസിന്റെയോ സഹായം ആവശ്യപ്പെടുന്നുവോ അവിടെയൊക്കെ അത് എത്തിക്കുവാനുള്ള എല്ലാ നടപടികളും എടുത്തിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഓഹരി മൂലധനമായി കിട്ടിയ തുക പുതിയ സൊസൈറ്റികൾ ഉണ്ടാക്കുന്നതിനാണ് ഉപയോഗിച്ചതെന്നാണ് അറിയുന്നത്. അമ്പലപ്പുഴ താലൂക്കിൽ ഏരിയാ നോക്കാതെ, ഏരിയാ

LIBRARY ARCHIVES Kerala Legislative Assembly

ഓവർലാപ് ചെയ്യുത്തക്കവിധത്തിൽ വളരെ കൂടുതൽ സൊസൈറ്റികൾ ധൃതിയായിട്ട് രജിസ്റ്റർ ചെയ്തു. ഇഷ്ടമുള്ള ആളുകളെ വിളിച്ച്, ആ വിധത്തിൽ സൊസൈറ്റി രജിസ്റ്റർ ചെയ്തു കൊടുത്തതായി ഗവൺമെൻറിന് അറിയാമോ?

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മെമ്പർ അത് പ്രത്യേകമായി എൻറെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഞാൻ പരിശോധിക്കാം.

ശ്രീമതി കെ. ആർ. ഗൗരി: കഴിഞ്ഞ പ്രാവശ്യം കിട്ടിയ വളരെ കൂടുതൽ തുക കയർവ്യവസായത്തിൻറെ പുനരുദ്ധാരണത്തിനോ കയർ വ്യവസായം ശരിയാക്കുന്നതിനോ വേണ്ടിയല്ല ഉപയോഗിച്ചതെന്നും ചില പ്രത്യേക വ്യക്തികളെ സഹായിക്കാനാണ് ഉപയോഗിച്ചതെന്നും പറഞ്ഞാൽ നിഷേധിക്കാൻ കഴിയുമോ?

ശ്രീ. ഇ. അഹമ്മദ്: അങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണ സംഘങ്ങൾക്കുള്ള സഹായം. സഹകരണ സംഘങ്ങളുടെ അപേക്ഷയനുസരിച്ച്, അതിനുള്ള നോംസ് അനുസരിച്ച്, എലിജിബിലായ സഹകരണസംഘങ്ങൾക്കാണ് കൊടുത്തിട്ടുള്ളത്. കേന്ദ്രഗവൺമെൻറിൻറെ സഹായ പദ്ധതി ഗവൺമെൻറ് ഫലപ്രദമായി നടപ്പാക്കുന്നുണ്ട്. സഹകരണസംഘത്തിൻറെ മറ പിടിച്ചുകൊണ്ട് ആരെങ്കിലും അത് ദുരുപയോഗപ്പെടുത്തുകയാണെങ്കിൽ ഗവൺമെൻറ് അത് തീർച്ചയായും അന്വേഷിക്കും.

ശ്രീ. എ. വി. താമരാക്ഷൻ: സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് കയർ വ്യവസായസഹകരണസംഘം ലൂംസ് വാങ്ങിക്കുന്നതിന് മാത്രമാണ് സഹായം ലഭിക്കുന്നത്. ലൂംസ് വാങ്ങിക്കുന്നതിന് സഹായം ലഭിച്ചെങ്കിലും സ്ഥലവും കെട്ടിടവും വാങ്ങിക്കാൻ പണം കിട്ടിയിട്ടില്ല. സ്ഥലവും കെട്ടിടവും വാങ്ങിക്കാൻ പണം കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. അഹമ്മദ്: കേന്ദ്രഗവൺമെൻറ് കോവോപ്പറേറ്റീവ് സ്കീമുകൾക്കുള്ള സഹായം ചില പ്രത്യേക ഇനങ്ങളായി തിരിച്ചിട്ടുണ്ട്. ഓഹരി എടുക്കാനുള്ള സഹായം, മാനേജീരിയൽ സബ്സിഡി, വിലപനശാലകൾ തുറക്കുന്നതിനുള്ള സബ്സിഡി, റാട്ട്, ലൂംസ് മറ്റു ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് മൂന്നിൽരണ്ടുഭാഗം ലോണും മൂന്നിലൊന്ന് ഭാഗം ഗ്രാൻറും. കെട്ടിടം ഈ സ്കീമിൽ വരികയില്ല.

## എം. ഐ. ജി., എൽ. ഐ. ജി. ഭവന നിർമ്മാണ വയ്പാപദ്ധതി

*(260) ശ്രീ. കെ. ശങ്കരനാരായണപിള്ള:

,, പി. വിജയദാസ്:

,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly